# ജാലകം-2020



## പോംപൈ സെന്റ് മേരീസ് ഹൈസ്കൂൾ കാട്ടൂർ

*എൻെറ പൊന്നോണം

* എൻെറ മുല്ല

*അമ്മ

*ഞാനാര്

* ഒന്നിച്ചുപോരാടം

*ഉണ്ണിക്കുട്ടൻെറ ചോദ്യം

*വിന

*കൊതുക് ചൊല്ലുകൾ

# ഞങ്ങളുടെ ജാലകം

ഒരു ഇത്തിരി നിങ്ങൾക്കു മുന്നിൽ

തെളിയിക്കട്ടെ.ആത്മ സാക്ഷാത്ക്കാരത്തിൻെറയും

നവാനുഭൂതിയുടെയും വരികളാണിവയിൽ.ഇതിൽ

അനുകരണത്തിൻെറയും പകർത്തെഴുത്തിൻെറയും

നിഴലുകൾ ഉണ്ടാകാം.ക്ഷമിക്കുക.ഇതൊരു

പടിമാത്രം.ഇതിൽ നിന്നവാം ഇനിയുള്ള യാത്ര.

എഡിറ്റർ

സുജന. കെ.എസ്

# <u>സന്ദേശം</u>

പൊതുവിദ്യാഭ്യാസരംഗത്തിന് തിലകകുറിചാർത്തി സാങ്കെതിക വിജ്ഞാനത്തിന് പുത്തൻ ഉണർവ്വ് നൽകി കുട്ടികളെ ഐ റ്റി രംഗത്തേക്ക് കൈപിടിച്ച് ഉയർത്തുന്നതിനും പുത്തൻ പരീക്ഷണങ്ങൾ നടത്തുന്നതിനുമായി കുട്ടികളുടെ ഐ റ്റി കൂട്ടായ്മ ലിറ്റിൽ കൈറ്റ്സ് പോംപൈ സെൻെറ് മേരീസ് ഹൈരസ്കൂളിലും നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയും സംരഭമായ ഇമാഗസീൻ നിർമ്മിച്ച് പ്രസിദ്ധീകരിക്കുന്നതിൽ അതിയായ സന്തോഷം അറിയിക്കുന്നു. മാഗസീൻ നിർമ്മാണത്തിൽ പങ്കെടുത്ത മുഴുവൻ കുട്ടികളെയും അഭിനന്ദനങ്ങൾ ഐ റ്റിയുടെ നൂതന സാധ്യതകൾ രുപപെടുത്താൻ ഈ പദ്ധതിയിലൂടെ കഴിയട്ടെ എന്ന് ആശംസിച്ചുകൊണ്ട്.



സജീവൻ.വി.കെ

(എച്ച്.എം)

# എൻെറ വിദ്യാലയം

മുത്തുമുത്തശിയാണെൻെറ വിദ്യാലയം.കാലത്തിൻെറ മാറ്റങ്ങൾ ഉയർച്ചയും തളർച്ചയും നൽകിയിട്ടുണ്ട്.അറിവിൻെറ അപാരമായ കടൽതിരത്ത് ആദ്യാക്ഷരങ്ങൾ പകർന്നു നൽകി,കുരുന്നുകൾക്കു തണലായി താങ്ങായി പടർന്നു പന്തലിച്ച് വേരുകൾ ആഴ്ത്തി നില്ക്കുന്നു.എൻെറ വിദ്യാലയം കാട്ടൂരിൻെറ സംസ്ക്രിതിയുടെ ഭാഗമാണ്.നിൻെറ തിരുനടയിൽ ഞങ്ങളുടെ നവോവാകം.



# എൻെറ  പൊന്നോണം

ഓരോ നാളുകൾ കഴിയും തോറും
എൻെറ മനസ്സിൽ പൊന്നോറണം
ഓണത്തപ്പനെ ഓർക്കും നേരം
എൻെറ മനസ്സിൽ സന്തോഷം
അത്തം പത്തിന് ചാണകം മെഴകി
തുമ്പ പൂക്കൾ നിറക്കും ഞാൻ
തിരുവോണത്തിന് പൂവടച്ചുട്ട്
കാത്തിരിപ്പായി മാവേലിയേ
ഓണത്തപ്പൻ വന്നാലുടൻ
പുത്തരി ചോറ് വിളമ്പും ഞാൻ
പായസം കുടിച്ച് യാത്ര പറയുമ്പോൾ
എൻെറ മനസ്സിൽ ദു:ഖം പൂണ്ടു.



സുജന.കെ.എസ്
ക്ലാസ് 9

# എൻെറ മുല്ല

എൻെറ മുല്ലയെ കാലത്തു കാണുമ്പോൾ

സൂര്യനുദിച്ചതുപോലെ,

എൻെറ മുല്ലയെ ഉച്ചയ്ക്ക കാണുമ്പോൾ

മാനത്തെ  മഴവില്ല് പോലെ,

എൻെറ മുല്ലയെ വൈകീട്ട കോണുമ്പോൾ

സൂര്യനസ്തമിച്ചതു പോലെ,

എൻെറ മുല്ലയെ രത്രികാണുമ്പോൾ

നക്ഷത്രമിലന്നതു പോലെ ,

രത്രി ഞാനുറങ്ങുമ്പോൾ എൻെറ മനസ്സിൽ



നീയൊരു മാലാഖപോലെ,

എൻെറ മുല്ലയിലെ ഓരോ പൂ കൊഴിയുമ്പോഴും

എൻെറ മനസ്സിൽ തീക്കനൽ,

നജ്മ.സി.എസ്

ക്ലാസ് 9

# <u>ഞാനാര്?</u>



*ഈറയിലുണ്ട്   മാലയിലില്ല

അച്ചിലുണ്ട്  അമ്മിയിലില്ല          _ഈച്ച

*മാമരത്തിലുണ്ട്   ചാകരയിലില്ല

ചാലിലുണ്ട്   ചാക്കിലില്ല

ധാന്യത്തിലുണ്ട്   ധനത്തിലില്ല          _മാലിന്യം

*രോമാഞ്ചത്തിലിണ്ട്   രാമച്ചത്തിലില്ല

മൃഗംത്തിലുണ്ട്   മനുഷ്യനിലില്ല          _രോഗം

*കൊക്കിലുണ്ട്    കുടയിലില്ല

തുളസിയിലുണ്ട്   ചേനയിലില്ല

കടുകിലുണ്ട്   കായയിലില്ല          _കൊതുക്

അമൽ

9 ക്ലാസ്

എല്ലാവർക്കും തുല്യമായ നിയമപരിരക്ഷയും പരിഗണനയും ഭരണഘടന ഉറപ്പു നൽകുന്നു.

constitution of india
article 14:

The state shall not
deny to any person
equality before
the law or
the equal protection
of the laws
within the
territory of india

# ഒന്നിച്ചുപോരാടാം

പ്രളയത്തിൽ നടുങ്ങിയ കേരളമേ
എന്തിനു നീനിന്നു തേങ്ങുന്നു



ചുഴലിക്കാറ്റും പെരു മഴയുമായി
വന്നുപോയല്ലോ മഹാപ്രളയം
പുഴയും തോടും നിറഞ്ഞൊഴുകി
പാടങ്ങളെല്ലാം നശിച്ചുപോയി
വീടുകളെല്ലാം പുഴകളായി
പാത്രങ്ങളെല്ലാം ഒലിച്ചുപോയി
എല്ലാവരും ക്യാമ്പിലോടിക്കേറി
ജാതിയും മതവും നോക്കാതെ
ഒറ്റക്കെട്ടായി നമ്മളെല്ലാം
ഒന്നിച്ചു പോരാടി നമ്മളെല്ലാം
മരങ്ങളും മലകളും നെൽവയലും
നാടിൻ സമ്പത്ത് ഓർത്തുകൊള്ളിൻ
ദൈവത്തിൻ സ്വന്തം നാടിനെ നമ്മൾക്ക്
ഒറ്റമനസ്സായി കാത്തുകൊള്ളാം

അൽജോ

9 ക്ലാസ്

# .ചൊല്ലുകൾ

മിന്നുന്നതെല്ലാം പൊന്നല്ല.

വേണേൽ ചക്ക വേരിലും കായ്ക്കും .

മഴ നിന്നാലും മരം പെയ്യും.

അണ്ണാൻ കുഞ്ഞും തന്നാലായത്.





# വിന

കള കള മോതിവരും

അന്നു നമ്മുടെ പുഴകൾ.

മാലിന്യത്തിന്നിരബലോതിവരും

ഇന്നു നമ്മുടെ പുഴകൾ

കാവ്യഭംഗിയെഴുന്നിടും പുഴകർള

കാൽക്കീഴിൽ അമർത്തിടും

മാലിന്യം

രോഗാതുരതക്കിടും നമ്മെ

മലിനമായിടുമീ ചുറ്റുപാട്.

# തോട്ടക്കാരനും കോഴിയും


ഒരു പട്ടണത്തിൽ  രാമു എന്ന പേരുള്ള ഒരു തോട്ടക്കാരനുണ്ടായിരുന്നു. തോട്ടക്കാരന് ഒരു കോഴി ഉണ്ടായിരുന്നു. ആ കോഴി തോട്ടക്കാരന് പ്രിയപ്പെട്ടതായിരുന്നു. ആ കോഴിയെ തോട്ടക്കാരൻ എന്നും ശ്രുശ്രൂക്ഷിക്കുമായിരുന്നു. ആ കോഴി ഭക്ഷണം കഴിച്ചില്ല എങ്കിൽ തോട്ടക്കാരനും ഭക്ഷണം കഴിക്കില്ല സ്നേഹമായിരുന്നു തോട്ടക്കാരന് കോഴിയോട്. ഒരു  ദിവസം കോഴിയും രാമുവും കൂടി അപ്പുറത്തെ വീട്ടിലേക്ക് പോയി എന്നിട്ട് അവരോട് കുറേ സംസാരിച്ചു. എന്നിട്ട്  അവർ പറഞ്ഞു ഭക്ഷണം കഴിച്ചിട്ട് പോയാൽമതി. ഇത് രാമുവും കോഴിയും സമ്മതിച്ചു.പക്ഷെ കോഴി  ഒരു ജീവി

തതആണല്ലൊ അതുകൊണ്ട് തന്നെ അവർ കോഴിക്ക് ഭക്ഷണം കൊടുത്തില്ല. ഇത് രാമു കണ്ടു അപ്പോൾ രാമു പറഞ്ഞു  എന്നാൽ എനിക്കും വേണ്ട. ഇത് പറഞ്ഞ് അവൾ വീട്ടിൽ  നിന്ന് ഇറങ്ങി തൻെറ വീട്ടിലേക്ക് പോയി രാമു കോഴിക്ക് വയറ് നിറച്ച് ഭക്ഷണം കൊടുത്തു അങ്ങനെ അവൾ സന്തോഷമായി കുറച്ച് ദിവസം ജീവിച്ചു. ഒരു ദിവസം കോഴി ഒരു സ്വാർതഥയായ കോഴിയായി മാറി. അന്ന് കോഴിക്ക് വിശന്നപ്പോൾ കോഴി രാമു വിൻെറ തോട്ടത്തിൽ നിന്ന് ഒരു തക്കാളി രാമു അറിയാതെ കഴിച്ചു. അന്ന് രാമു തോട്ടത്തിൽ നനക്കാൻ വന്നപ്പോൾ കണ്ടത് രാമുവിൻെറ

തോട്ടത്തിൽ നിന്ന് കോഴി തക്കാളി കഴിക്കുന്നതാണ് രാമുവിന് കോഴിയോട് അതിയാത്ത ദേഷ്യം തോന്നി. രാമു കോഴിയെ ചീത്ത പറഞ്ഞു. കോഴി രാമുവിനെ കൊക്ക് കൊണ്ട് കൊത്തി. പിന്നെ ഒരിക്കലും രാമു കോഴിയെ ചീത്ത പറഞ്ഞിട്ടില്ല.

നന്ദന.പി.ആർ

9 ക്ലാസ്



## നന്ദിയോടെ

മേഴ്സി ടീച്ചറുടേയും സുദീപ് മാഷുടേയും നേതൃത്വത്തിൽ നിർമ്മിച്ച ഈ ഡിജിറ്റൽ മാഗസീൻെറ നിർമ്മാണത്തിന് സഹായിച്ച എൻെറ എല്ലാ കൂട്ടുകാർക്കും ഹൃദയപൂർവ്വം നന്ദി....

എഡിറ്റർ